## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 35

26.04.2017- ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങളെ തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ നടപടി

**ചോദ്യം**

ശ്രീ. മുരളി പെരുനെല്ലി
" ജെയിംസ് മാത്യു
" കെ.വി.വിജയദാസ്
" പി.വി. അൻവർ

എ) കേരളത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന സഹകരണ സംഘങ്ങളെ തകർക്കാനുള്ള ശ്രമങ്ങളെ അതിജീവിക്കുവാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

**മറുപടി**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സഹകരണ സംഘങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും ഉയർത്തുന്നതിനായി സമഗ്ര സഹകരണ നിയമഭേദഗതി കൊണ്ടുവരും. അഴിമതിയും ക്രമവിരുദ്ധ പ്രവർത്തനങ്ങളും നടത്തുന്ന സംഘങ്ങളിലെ ഭരണസമിതിയും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരും വ്യക്തിപരമായി തന്നെ പ്രസ്തുത കുറ്റങ്ങൾക്ക് ബാധ്യതയുള്ളവരായിരിക്കും. കേരളത്തിലെ സഹകരണ സംവിധാനത്തിൽ കാർഷിക വായ്പകൾ കൂടുതലായും നേരിട്ട് കർഷകർക്ക് നൽകുന്നത് പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേനയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ ഡിജിറ്റൽ സംവിധാനത്തിലേക്ക് എത്തിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നത് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

കാർഷിക വായ്പാ വിതരണത്തിനായി കിസാൻ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകൾ റുപേ കിസാൻ കാർഡുകളാക്കി മാറ്റുന്നതിന്മേൽ നടപടി പുരോഗമിച്ചുവരുന്നു.

.........2

അംഗങ്ങൾക്ക് ജില്ലാ സഹകരണ ബാങ്ക് (DCB) കളിൽ mirror (zero balance) account ആരംഭിച്ചു. ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ജില്ലാ സഹകരണ ബാങ്ക് വഴി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഇടപാടുകാരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. വായ്പാ സംഘങ്ങളിൽ Know Your Customer (KYC) നടപ്പാക്കണമെന്ന് കർശന നിർദ്ദേശം നൽകി.

ബി) ഇതിനായി സാങ്കേതിക, പ്രവർത്തന മേഖലകളിൽ ആവശ്യമായ നവീകരണങ്ങൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും ഒരു കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ചു വരികയാണ്. സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളും കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും ചേർന്ന് ഡിജിറ്റൽ ട്രാൻസാക്ഷൻസ് (Digital transactions) പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സി) കോർ ബാങ്കിംഗ്, നെറ്റ് വർക്ക് ബാങ്കിംഗ് തുടങ്ങിയ സംവിധാനങ്ങളിൽ ഐകരൂപ്യമുണ്ടാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

(സി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും, ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി വിവിധ വിഭാഗങ്ങളുമായി ചർച്ചകൾ നടത്തി വരുകയും ചെയ്യുന്നു.

കോമൺ സോഫ്റ്റ്‌വെയറിലേക്ക് എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും എത്തിക്കുന്നതിലേക്കായി സഹകരണ സംഘം രജിസ്ട്രാർ കൺവീനറായി 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**